# നാവായിക്കുളംഗ്രാമപഞ്ചായത്ത്

നാവായിക്കുളം പി.ഒ.,തിരുവനന്തപുരം ജില്ല 695603

Email:nvkmgpt@gmail.com


A2.2111/2025 തീയതി – 11/04/2025

നാവായിക്കുളം ഗ്രാമപഞ്ചായത്തിൽ ഡീസൻറ് മുക്ക് (XI) വാർഡിൽ XI / 603 B (പഴയ നമ്പർ XII / 1040) നമ്പരായി ശ്രീമതി.റജീന ബീവി , അൽഷിഫ, വടക്കുംകര മൂല, വൈരമല, നാവായിക്കുളം എന്നവരുടെ പേരിൽ 2013-2014 സാമ്പത്തിക വർഷത്തെ അസസ്മെൻറ് രജിസ്റ്റർ പ്രകാരം വാണിജ്യാവശ്യത്തിനുള്ള 35 സ്കചയർ മീറ്റർ തറവിസ്തീർണ്ണമുള്ള മേൽക്കൂര ഷീറ്റ് ആയിട്ടുള്ള ഒരു ഷെഡ് ഉടമസ്ഥതയിലുണ്ട് .

ടി കെട്ടിടത്തിന് വസ്തുനികുതി ഇനത്തിൽ പ്രതിവർഷം 1575/- രൂപയും , നിയമാനുസൃത ഉപനികുതിയും ചുമത്തിയിട്ടുണ്ട്. നാളിതുവരെ വസ്തു നികുതി ഇനത്തിൽ ടി ഷെഡിന് 2013-2014 സാമ്പത്തിക വർഷം മുതൽ 2024-2025 സാമ്പത്തിക വർഷം വരെയുള്ള നികുതി ഒടുക്കുന്നതിന് ശ്രീമതി.റജീന ബീവിയ്ക്ക് ഈ ഓഫീസ് മുഖാന്തിരം ഡിമാൻറ് നോട്ടീസ് നൽകിയിട്ടുണ്ട്. 07/12/2024 തീയതിയിൽ കക്ഷിയ്ക്ക് ആർ.ആർ ഡിമാൻറ് നോട്ടീസും നൽകിയിട്ടുണ്ട്. നാളിതു വരെ ടിയാൾ വസ്തു നികുതി ഇനത്തിലുള്ള തുക ഒടുക്കു വരുത്തിയിട്ടില്ല .

2020-2021 സാമ്പത്തിക വർഷത്തിൽ ശ്രീമതി.റജീനബീവിയ്ക്ക് തൊഴിലുറപ്പ് പദ്ധതി മുഖാന്തിരം തൊഴുത്ത് നിർമ്മാണത്തിന് ധനസഹായം അനുവദിച്ചിട്ടുണ്ട് . ആയതിൻറെ നിർമ്മാണ ചെലവായി 78,557/- രൂപ അനുവദിച്ചിട്ടുണ്ട് .

സ്ഥല പരിശോധനയിൽ ശ്രീമതി.റജീനബീവിയുടെ ഉടമസ്ഥതയിലുള്ള അൽഷിഫ എന്ന കെട്ടിടത്തിനോട് ചേർന്ന് ഒരു ഷെഡ് കാണപ്പെടുന്നുണ്ട് . ടി ഷെഡിൻറെ ഒരു ഭാഗം തൊഴിലുറപ്പ് പദ്ധതി പ്രകാരം പുതുതായി നിർമ്മിച്ചതായും കാണപ്പെട്ടു . ടി ഷെഡിന് 39 മീറ്റർ സ്കചയർ വിസ്തീർണ്ണം നിലവിലുണ്ട് . പരിസരവാസികളോട് നേരിട്ട് അന്വേഷിച്ചതിൽ ടി ഷെഡ് നിന്ന ഭാഗത്ത് മുൻപ് ഒരു ഷെഡ് ഉണ്ടായിരുന്നതായും ടി ഷെഡ് മില്ല് പ്രവർത്തിപ്പിക്കാനായി നിർമ്മിച്ചതാണെന്നും എന്നാൽ മില്ലിൻറെ പ്രവർത്തനം തുടങ്ങിയിട്ടില്ലായെന്നും അറിയുന്നു. ഷെഡ് പൊളിച്ചുമാറ്റിയതായോ, ഉപയോഗ ക്രമം മാറ്റിയതായോ ഉടമസ്ഥൻ പഞ്ചായത്തിൽ അറിയിപ്പ് നൽകിയിട്ടില്ല . ഷെഡിൻറെ മുൻഭാഗം ഭിത്തിയിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഉള്ള CIB ( സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ) ബോർഡ് സ്ഥാപിച്ചിട്ടുണ്ട് . ടി ഷെഡിൽ കാലി വളർത്തൽ ഉണ്ടായിരുന്നതായും അറിയുന്നു.

അന്വേഷണ വേളയിൽ നിലവിലുള്ള ടി ഷെഡ് പൂട്ടിയിരുന്നു. കന്നുകാലികള് ഒന്നും തന്നെ കാണപ്പെട്ടില്ല. ടി ഷെഡ് യാതൊരാവശ്യത്തിനും ഉപയോഗിക്കാതെ പൂട്ടിയിട്ട നിലയിൽ കാണപ്പെടുന്നു.

നില്വിൽ ഈ വിഷയവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ബഹു.ഓംബുഡ്സ്മാൻ മുമ്പാകെ ഒ.പി നമ്പർ 945/2024 നമ്പർ പരാതി നിലനിൽക്കുന്നുണ്ട് . 2025 ഏപ്രിൽ 08 - ാം തീയതി തുരുവനന്തപുരം ഗവ.ഗസ്റ്റ് ഹൌസിൽ വച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്കും, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡൻറിനും ഒരു വിചാരണ നടത്തിയിരുന്നു. തുടർന്നുള്ള വിചാരണ മറ്റൊരു തീയതിയിലേക്ക് മാറ്റി വച്ചിട്ടുള്ളതും , ആയത് സംബന്ധിച്ച രേഖാമൂലമുള്ള അറിയിപ്പ് ലഭ്യമായിട്ടില്ലാത്തതുമാണ് എന്നുള്ള വിവരം റിപ്പോർട്ട് ചെയ്തു കൊള്ളുന്നു.

വിശ്വസ്തതയോടെ

സെക്രട്ടറി I/C
നാവായിക്കുളം ഗ്രാമപഞ്ചായത്ത്
നാവായിക്കുളം പി.ഒ. – 695603
തിരുവനന്തപുരം ജില്ല. ഫോൺ:0470 2692022

OFFICE OF THE NAVAIKULAM GRAMA PANCHAYAT
NAVAIKULAM P.O.
PIN- 695 603